**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 423** **11-06-2024 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര വരുമാനവും നികുതി വരുമാനവും വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തിന്റെ **ആഭ്യന്തര വരുമാനവും** തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഫീസുകൾ, ഫൈനുകൾ ഉൾപ്പെടെ) കാലികമായി പരിഷ്കരിക്കുന്നതിനും, **പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള** നടപടികൾ സർക്കാർ തുടർന്ന് വരികയാണ്. **സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളിലേയും, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലേയും നിരക്ക് വർദ്ധനവിലൂടെ 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയാണ്. കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിംഗ് നയം രൂപപ്പെടുത്തി നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.റ്റി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആംനസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.** |

| | | | |
|---|---|---|---|
| | | | വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, **നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ട് വന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിലൂടെയും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.**<br><br>**സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനായി പ്രധാന വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

<u>**പതിനഞ്ചാം കേരള നിയമസഭ**</u>
<u>**പതിനൊന്നാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 423**</u>
<u>**11.06.2024 – ലെ മറുപടിക്ക്**</u>

## <u>ആഭ്യന്തര വരുമാനവും നികുതി വരുമാനവും വർദ്ധിപ്പിക്കാൻ നടപടി</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.രാജഗോപാലൻ** | **ശ്രീ.കെ.എൻ ബാലഗോപാൽ**<br>**ധനകാര്യ വകുപ്പ് മന്ത്രി** |
| **(എ)** സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഫീസുകൾ, ഫൈനുകൾ ഉൾപ്പെടെ) കാലികമായി പരിഷ്കരിക്കുന്നതിനും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സർക്കാർ തുടർന്ന് വരികയാണ്. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ, എന്നീ വകുപ്പുകളിലേയും, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലേയും നിരക്ക് വർദ്ധനവിലൂടെ 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയാണ്. കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിംഗ് നയം രൂപപ്പെടുത്തി നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.റ്റി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആംനസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.<br>വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന |

| | |
|---|---|
| | ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ട് വന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിലൂടെയും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.<br>സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനായി പ്രധാന വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിനായി പ്രധാന വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

**ജി.എസ്.റ്റി:**

ജി.എസ്.ടി നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുനഃസംഘടിപ്പിച്ച് നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുനഃസംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചു. ടാക്സ് പെയർ സർവ്വീസസ് നികുതി ദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേയ്ക്ക് ലഭ്യമാക്കി വരുന്നു. ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികളും സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സേർച്ച്, ഇൻസ്പെക്ഷൻ എന്നിവ നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം നിയമത്തിനു വിധേയമായി പെനാൽറ്റി ഈടാക്കുകയും ചില കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ച് നികുതി അടപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

**വ്യവസായ വകുപ്പ്:**

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി സ്ഥാപനങ്ങളുടെ വിറ്റു വരവ് വർദ്ധിപ്പിക്കുന്നതിലൂടെ നികുതി വരുമാനം വർദ്ധിപ്പിച്ച് അത് വഴി സംസ്ഥാനത്തിന്റെയും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപാദന പ്രവർത്തനങ്ങളിലും സേവന മേഖലകളിലും കാലാനുസൃതമായി നവീകരണം നടപ്പിലാക്കുക, മെച്ചപ്പെട്ട വിപണന മേഖലകൾ കണ്ടെത്തുക, പ്രവർത്തന മേഖല വിപുലീകരിക്കുക, മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുക, നവീകരണ വിപുലീകരണ പദ്ധതികൾക്ക് ധനസഹായം നൽകുക, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, പ്രവർത്തനം കൃത്യമായ ഇടവേളയിൽ അവലോകനം ചെയ്യുക എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളുടെ പൊതുവേയുള്ള പ്രവർത്തനം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിച്ച് അവയിൽ നിന്നുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. വകുപ്പിന് കീഴിലെ കിൻഫ്രയിൽ പ്രവർത്തിക്കുന്ന ആയിരത്തിമുന്നൂറോളം യൂണിറ്റുകളിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ജി.എസ്.റ്റി ഇനത്തിലും നല്ലൊരു തുക സംസ്ഥാന സർക്കാരിന്റെ ഖജനാവിലേക്ക് ലഭിക്കുന്നുണ്ട്. കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതി (2000 ത്തോളം ഏക്കർ) യാഥാർത്ഥ്യമാകുമ്പോൾ പ്രതിവർഷം 500 കോടിയോളം രൂപ സംസ്ഥാന ഖജനാവിലേക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനവും തനത് നികുതി വരുമാനവും വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന വ്യവസായ വകുപ്പിന്റെ സംഭാവനയായി ആവിഷ്കരിച്ച സംരംഭകവർഷം പദ്ധതിയുടെ (2022-23) കീഴിൽ മികവാർന്ന നേട്ടങ്ങളാണ് കേരളം കൈക്കലാക്കിയത്. 'ഒരു വർഷം, ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ലക്ഷ്യം നിശ്ചിത

കാലയളവിനുള്ളിൽ പൂർത്തീകരിച്ചുകൊണ്ട് പദ്ധതിയുടെ തുടർച്ചയായി സംരംഭകവർഷം 2.0 (2023-24) ആവിഷ്കരിച്ച വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ദിവസത്തെ കാലയളവിൽ സംസ്ഥാനത്ത് ആകെ 2,43,436 സംരംഭങ്ങൾ ആരംഭിച്ചു. കൂടാതെ, 15,470.3 കോടി രൂപയുടെ നിക്ഷേപവും 5,18,230 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഇതിന് ആനുപാതികമായി വിവിധ ഇനങ്ങളിലുള്ള നികുതികൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

**<u>രജിസ്ട്രേഷൻ വകുപ്പ്:</u>**

റവന്യൂ വരുമാനം ഉയർത്തുന്നതിനായി ഭൂമിയുടെ ന്യായവില 2022, 2023 വർഷങ്ങളിൽ കാലികമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഗഹാനുകളും, ഗഹാൻ റിലീസുകളും ഫയൽ ചെയ്യുന്നതിന് സർവ്വീസ് ചാർജ്ജ് ഏർപ്പെടുത്തിയതിലൂടെയും, കേരള ഫിനാൻസ് ആക്ട്, 2023 പ്രകാരം 1955 ലെ തിരുവിതാംകൂർ-കൊച്ചി, സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട് അനുസരിച്ചുള്ള പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനും തുടർനടപടികളും സംബന്ധിച്ച വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ കാലികമായി പരിഷ്കരിച്ചതിലൂടെയും വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ മുടക്കം വരുത്തുന്ന കേസുകൾക്കുള്ള പിഴത്തുക ഭേദഗതി വരുത്തിയതിലൂടെയും കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. നികുതി ചോർച്ച തടയുന്നതിനായി, 2024-ലെ കേരള ഫിനാൻസ് ബിൽ പ്രകാരം കേരള മുദ്രപത്ര നിയമ ഭേദഗതിയിലൂടെ ലീസ് ഡീഡുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കുന്നത് ശരാശരി വാർഷിക വാടകയ്ക്ക് പകരം ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനുള്ള വ്യവസ്ഥ നിലവിൽ വന്നു. കൂടാതെ, പാർട്ട്ണർഷിപ്പ് ഫേമിന്റെ റീകോൺസ്റ്റിട്യൂഷൻ/ഡിസൊല്യൂഷൻ കാരണം പാർട്ട്ണർഷിപ്പ് ഫേമിന്റെ വസ്തുവകകൾ മുഴുവനും കൈമാറ്റം ചെയ്യുന്ന കേസുകൾക്ക് ഫീസ് ഏർപ്പെടുത്തിയതിലൂടെയും, Deposit of Title Deed-കളുടെ ഫയലിംഗിന് ഫീസ് ഏർപ്പെടുത്തിയതിലൂടെയും വകുപ്പിന് പുതിയ വരുമാന മേഖല കണ്ടെത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

**<u>മോട്ടോർ വാഹന വകുപ്പ്:</u>**

നിയമലംഘനങ്ങൾക്കുള്ള പിഴയും, സേവനങ്ങൾക്കുള്ള ഫീസുകളും നികുതി വരുമാനവും ആണ് വകുപ്പിന്റെ പ്രധാന വരുമാന ഇനങ്ങൾ. നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ, നികുതി കുടിശ്ശിക ഈടാക്കുവാനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ, നികുതി ഒടുക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ കണ്ടെത്തി നികുതി ഈടാക്കുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എന്നിവ വഴി വരുമാനം ഉറപ്പുവരുത്തുവാൻ വകുപ്പിന് കഴിയുന്നുണ്ട്.

**<u>എക്സൈസ് വകുപ്പ്:</u>**

ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ലഹരി വസ്തുക്കളുടെയും മറ്റ് അന്യസംസ്ഥാന മദ്യം ഉൾപ്പെടെയുള്ള വ്യാജമദ്യത്തിന്റെയും വ്യാപനം തടഞ്ഞ് നികുതി ചോർച്ച തടയുന്നതിനും അതുവഴി സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

വിവിധ കേസുകളിൽ വകുപ്പ് കണ്ടുകെട്ടിയ വാഹനങ്ങളുടെ ഡിസ്പോസൽ വേഗത്തിലാക്കി ലഭ്യമാക്കുന്ന വരുമാനം, കേസുകൾ കോമ്പൗണ്ട് ചെയ്യപ്പെടുമ്പോൾ ലഭ്യമാകുന്ന പിഴത്തുക, കേസുകളിന്മേൽ ചുമത്തപ്പെടുന്ന പിഴത്തുക, കോട്പ കേസുകളിൽ നിന്നും ലഭ്യമാകുന്ന പിഴത്തുക തുടങ്ങിയവയിലൂടെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായ പ്രവർത്തനം നടത്തിവരുന്നു.

**റവന്യൂ വകുപ്പ്:**

വകുപ്പുമായി ബന്ധപ്പെട്ട പ്രധാന നികുതി-നികുതിയേതര ഇനങ്ങൾ കാലികമായി പരിഷ്കരിച്ചും, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വകുപ്പിന്റെ വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

----------------